# ‘ദൈവസന്നിധിയിൽ നിലനിൽക്കുക’

## ദാനിയേൽ 6 :10

“എന്നാൽ രേഖ എഴുതിയിരിക്കുന്നു എന്നു ദാനിയേൽ അറിഞ്ഞപ്പോൾ അവൻ വീട്ടിൽ ചെന്നു, - അവന്റെ മാളിക മുറിയുടെ കിളിവാതിൽ യരുശലേമിനു നേരെ തുറന്നിരുന്നു- താൻ മുമ്പേ ചെയ്തുവന്നതു പോലെ ദിവസം മൂന്നു പ്രാവശ്യം മുട്ടു കുത്തി തന്റെ ദൈവത്തിന്റ സന്നിധിയിൽ പ്രാർത്ഥിച്ചു സ്തോത്രം ചെയ്തു.”

ദാര്യാവേശ് രാജാവിന്റെ വാഴ്ചയുടെ കാലത്ത് അദ്ദേഹത്തിന് ഏറ്റവും പ്രിയനായിരുന്നു ദാനിയേൽ. ദാനിയേലോ താൻ സേവിച്ചു വന്ന സർവ്വശക്തനായ ദൈവത്തിന്റെ മുമ്പാകെ പ്രാർത്ഥനയും യാചനയും കഴിച്ചു പോന്നു. എന്നാൽ ഇതിൽ അസൂയപൂണ്ട മറ്റ് അധികാരികൾ എങ്ങനെയും ദാനിയേലിനെ കുറ്റം ചുമത്തുമെന്നുള്ള ലക്ഷ്യത്തിൽ ഒരു രേഖ എഴുതി തയ്യാറാക്കുകയും അത് രാജാവിന്റെ ഉറപ്പോടെയുള്ള ഒരു കല്പനയായി വിളംബരം ചെയ്യുകയും ചെയ്തു. രാജാവിനോടല്ലാതെ മറ്റാരോടും യാചന കഴിക്കരുതെന്നും അപ്രകാരം ചെയ്താൽ സിംഹത്തിന്റെ ഗുഹയിൽ ഇട്ടുകളയുമെന്നു മുള്ളതായിരുന്നു രേഖ. ഇതറിഞ്ഞപ്പോൾ താൻ ദൈവസന്നിധിയിൽ തന്നെ മുട്ടു മടക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതായി മുകളിൽ പറഞ്ഞിരിക്കുന്ന ചിന്താവാക്യത്തിൽ കാണുന്നു.

ഈ വചനത്തിലൂടെ ദാനിയേൽ നമുക്കു നൽകുന്ന ദൂതുണ്ട്. ഏതു പ്രതികൂല സാഹചര്യ ത്തിലും ദൈവസന്നിധിയിൽ തന്നെ പ്രാർത്ഥനയും യാചനയും ചെയ്യണം എന്നുള്ള താണത്. തനിക്കെതിരായ ആ രേഖയെക്കുറിച്ച് അറിഞ്ഞപ്പോൾ മാനുഷിക ബുദ്ധി കൊണ്ട് അതിൽ നിന്നും എങ്ങനെ രക്ഷപെടാം എന്നു ശ്രമിക്കാതെ സർവ്വശക്തനായ ദൈവംതന്നെ സഹായിക്കും എന്നുള്ള ഉറപ്പോടെയാണ് ദാനിയേൽ ദൈവസന്നിധിയിൽ മുട്ടു മടക്കിയത്.

സങ്കീർത്തനങ്ങൾ 121:2 “എന്റെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്നു വരുന്നു.” ആ സഹായം വരുന്ന പർവ്വതങ്ങളിലേക്ക് മാത്രമായിരി ക്കണം നമ്മുടെ കണ്ണുകൾ. ദിവസം മൂന്നു നേരം ദൈവസന്നിധിയിൽ മുട്ടുമടക്കി പ്രാർത്ഥന കഴിക്കുന്ന വ്യക്തിജീവിതമായിരുന്നു ദാനിയേൽ എന്നു നാം മനസ്സിലാക്കുന്നു. ഇപ്രകാരമുള്ള ഒരു സമർപ്പണം നമ്മുടെയും ജീവിതത്തിന് അത്യാവശ്യമാണ്. വിശ്വാസികളെന്നു പറയുന്ന നമ്മിൽ പലരും ഒരു പ്രതികൂല അല്ലെങ്കിൽ പ്രയാസഘട്ട ത്തിൽ ഭാരപ്പെട്ട് വാടിത്തളർന്നു പോകുന്നവരാണ്. ഇവിടെ ദാനിയേലിനെപ്പോലെ ഉറച്ച

വിശ്വാസമാണ് നമുക്കു വേണ്ടത്. സന്തോഷത്തിൽ മാത്രമല്ല സങ്കടങ്ങളിലും ദൈവസന്നിധിയിൽ നിലനിൽക്കുവാനും ദൈവത്തോട് കൂടുതൽ അടുക്കുവാനും നമുക്ക് കഴിയണം.

തുടർന്നു നാം വായിക്കുമ്പോൾ കാണുന്നു ദാനിയേലിനെ സിംഹങ്ങളുടെ ഗുഹയിൽ ഇടുവാൻ രാജാവ് കല്പിക്കുന്നു. എന്നാൽ സ്വർഗ്ഗത്തിലെ ദൈവം തന്റെ ദൂതനെ അയച്ച് ദാനിയേലിനെ ഒരു കേടും പറ്റാത്തവണ്ണം വിടുവിച്ചു. ദാനിയേലിനെ കുറ്റം ചുമത്തിയവരെ രാജാവിന്റെ കല്പന പ്രകാരം സിംഹത്തിന്റെ ഗുഹയിൽ ഇടുകയും സിംഹങ്ങൾ അവരെ കൊന്നുകളയുകയും ചെയ്യുന്നു. ഇപ്രകാരം സംഭവിച്ചപ്പോൾ രാജാവ് തന്റെ ആധിപത്യത്തിൻ കീഴുള്ള എല്ലാവരോടും ദാനിയേലിന്റെ ദൈവത്തിന്റെ മുമ്പാകെ ഭയഭക്തിയോടെ ഇരിക്കണമെന്നുള്ള ഒരു തീർപ്പ് കല്പിക്കുന്നതായി കാണാം.

ഇവിടെ ദാനിയേൽ ചെയ്ത വലിയ വിശ്വാസത്തിന്റെ പ്രവൃത്തിയാണ് നമുക്ക് കാണുവാൻ കഴിയുന്നത്. തന്നിമിത്തം മാറ്റമില്ലാത്ത ജീവനുള്ള ദൈവത്തെ രാജഭരണത്തിൻ കീഴുള്ള ആളുകൾ കൂടി അറിയുവാനും ദൈവനാമം മഹത്വപ്പെടുവാനും തക്കവണ്ണം ഇടയായി. നമ്മുടെ ജീവിതത്തിലും വിശ്വാസത്തെ ചോദ്യം ചെയ്തുകൊണ്ട് വെല്ലുവിളികളുണ്ടാകാൻ സാധ്യതയുണ്ട്. അപ്പോഴും അടിപതറാതെ നമ്മുടെ കർത്താവിനോട് ചേർന്നു നിന്നു കൊണ്ട് മരണപര്യന്തം വിശ്വസ്തരായി തീരുവാൻ നമുക്കു കഴിയട്ടെ. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് അനുദിനവും നമ്മെ ബലപ്പെടുത്തട്ടെ.

**പരാമർശം :**

**മത്തായി 24:12–13**

'അധർമ്മം പെരുകുന്നതു കൊണ്ട് അനേകരുടെ സ്നേഹം തണുത്തു പോകും. എന്നാൽ അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും.'

**അശ്വതി ബിനു ഏറ്റുമാനൂർ 014**